# ഉയർപ്പുക്കാലം

## അഞ്ചാം ഞായർ

## വചന വിചിന്തനം

യോഹ 21,1-14

***കുഞ്ഞുങ്ങളെ,***
***നിങ്ങൾക്കെന്തെങ്കിലും കിട്ടിയോ?***
***തിബേരിയൂസ് കടൽത്തീരം സമ്മാനിക്കുന്നത്***
***"തന്നെ വിട്ടുപോകുന്ന മനുഷ്യനെ തേടിയിറങ്ങുന്ന***
***ദൈവത്തെയാണ്!"***

*153 മത്സ്യങ്ങളുടെ ചാകര കർത്താവിനെ തിരിച്ചറിയാനുള്ള മാർഗ്ഗമായി! എന്തു നല്ല മാതൃക... "അനുഗ്രഹങ്ങൾ സമ്മാനിക്കുന്നു അനുഗ്രഹദാതാവിനെ തിരിച്ചറിയുന്ന ശിഷ്യർ!"*

കടലിന്റെ ഗതിവേഗങ്ങൾ തിരിച്ചറിഞ്ഞവരാണ് കർത്താവ് തിരഞ്ഞെടുത്ത ശിഷ്യർ. വലിയ ബിരുദങ്ങളും ബിരുദാന്തരബിരുദങ്ങളും ഇല്ലെങ്കിലും, ചുരുക്കത്തിൽ, കടലിന്റെ മനമറിഞ്ഞ് ചാകരയുള്ളയിടത്ത് വലയെറിയാനും, എറിഞ്ഞ വലയിൽ വലിയ സമ്പാദ്യങ്ങൾ കൊയ്യാനും കഴിവുള്ളവരെ തന്നെയാണ് കർത്താവ് തന്റെ ശിഷ്യരായി തിരഞ്ഞെടുത്തത്. എന്നിട്ടും, ഒരു രാത്രിമുഴുവൻ ചിരപരിചിതമായ തിബേരിയസിന്റെ ആഴങ്ങളിൽ വലയെറിഞ്ഞിട്ടും ഒരു പൊടിമീൻ പോലും സ്വന്തമാക്കാൻ സാധിക്കാതെ ഒഴിഞ്ഞ കൈകളും കുനിഞ്ഞ ശിരസുമായി തീരമണയുന്ന ശിഷ്യരോട് കർത്താവ് ചോദിക്കുകയാണ്, "കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. അവൻ പറഞ്ഞു: വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല" (യോഹ 21,5-6).

ക്രിസ്തു ചോദിച്ച ചോദ്യം അതിശയോക്തി ജനിപ്പിക്കുന്ന ചോദ്യമാണ്, "കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" (യോഹ 21,5). "കുഞ്ഞുങ്ങളേ, <u>നമ്മളുടെ</u> അടുക്കൽ മീൻ വല്ലതുമുണ്ടോ?" എന്നല്ല ക്രിസ്തു ചോദിച്ചത്. മറിച്ച്, "കുഞ്ഞുങ്ങളേ, <u>നിങ്ങളുടെ</u> അടുക്കൽ മീൻ വല്ലതുമുണ്ടോ?" അതായത്, ഞാനില്ലാതെ നിങ്ങൾ മീൻ പിടിക്കാൻ പോയിട്ട് നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോ എന്ന്? ഇതിനുള്ള ഉത്തരം ശിഷ്യൻമാരുടെ കുനിഞ്ഞ ശിരസും, ഒഴിഞ്ഞ കൈകളും, ഇല്ല എന്നുള്ള ഉത്തരവുമാണ്. ദൈവത്തെ കൂടെ നിറുത്താതെ ഒരു രാത്രി മുഴുൻ അദ്ധ്വാനിച്ചവർക്ക് ദൈവം സമ്മാനിച്ചത് ഒഴിഞ്ഞ വലയാണ്.

"ഒരു വ്യക്തി ഒരു സമൂഹത്തെ മുഴുൻ നശിപ്പിക്കും" എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് തീബേരിയാസ് കടൽ തീരത്തെ വലയിറക്കൽ. "ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ രണ്ടു ശിഷ്യൻമാരും ഒരുമിച്ചിരിക്കുകയായിരുന്നു. ശിമയോൻ പത്രോസ് പറഞ്ഞു: ഞാൻ മീൻ പിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു: ഞങ്ങളും നിന്നോടുകൂടെ വരുന്നു" (യോഹ 21,2-3). "പത്രോസേ, നീ പാറയാണ്... ആ പാറമേൽ എന്റെ ഞാൻ പള്ളി പണിയും" എന്നു പറഞ്ഞ് ശിഷ്യപ്രമുഖനായി തിരഞ്ഞെടുത്തതാണ് കർത്താവ് ശിമയോൻ പത്രോസിനെ. പക്ഷെ, ആ ശിമയോൻ പത്രോസ് തന്നെ ശിഷ്യമാരെ ഉത്ഥിതനായ കർത്താവിൽ നിന്ന് അകറ്റുന്നതിന് കാരണമായി ഭവിക്കുന്നു. വചനം പ്രസംഗിക്കുക, രോഗികളെ സുഖപ്പെടുത്തുക, പിശാചുക്കളെ ബഹിഷ്കരിക്കുക എന്ന

ത്രിവിധ ദൗത്യങ്ങൾ ശിഷ്യൻമാരുടെ ചുമലിൽ വച്ചു കൊടുത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് അയക്കപ്പെട്ടതാണ് ശിഷ്യരെ. എന്നിട്ടും, കർത്താവിന്റെ 'പാസ്ക്കൽ മിസ്റ്ററീസ്' ശിഷ്യരെ ചിതറിച്ച് കളഞ്ഞു.

നേതാവ് പറയുന്നു, "ഞാൻ മീൻ പിടിക്കാൻ പോകുകയാണ്." ഇത് കേൾക്കേണ്ട താമസം അനുയായികളും പറഞ്ഞു, "ഞങ്ങളും നിന്നോടുകൂടെ വരുന്നു" കർത്താവ് തന്റെ ദൗത്യം ഭരമേൽപ്പിച്ചത് ശരിയായ കരങ്ങളിൽ തന്നെയാണോ എന്നൊരു സംശയം! "ലക്ഷ്യത്തിൽ നിന്ന് തെന്നിമാറി നടക്കുന്ന നേതാവും, ആ നേതാവിനെ അനുദാവനം ചെയ്യുന്ന കുറെ അധികം അനുയായികളും!" നേതാവായ ശിമയോൻ പത്രോസിന്റെ പ്രലോഭനം ശിഷ്യൻമാരുടെ പ്രലോഭനമായി മാറ്റപ്പെടുന്നു. ശിമയോൻ പത്രോസിന്റെ പ്രലോഭനം ഏതൊക്കെ പണികൾ ഉപേക്ഷിച്ചാണോ കർത്താവിന്റെ ശിഷ്യനാകൻ വന്നത് ആ പണിയിലേയ്ക്ക് തന്നെ തിരിച്ച പോവുക. ഉപേക്ഷിച്ചതിനെയെല്ലാം തിരിച്ച് പിടിക്കുക. ഗുരുവിന്റെ വചനങ്ങളെയും ആജ്ഞകളെയും കാറ്റിൽ പറത്തുക.

പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കേണ്ട സമയത്ത് പ്രലോഭനങ്ങളിൽ വശംവദനരായി കൂട്ടുക്കാരെയും വിളിച്ച് വലയെറിയാൻ നടക്കുകയാണ് പത്രോസ്. അത് ഒരു കൂട്ടരുടെ നാശത്തിന് കാരണമാകുന്നു. കർത്താവിനെ കൂടാതെയുള്ള അദ്ധ്വാനം വ്യർത്ഥമാകുന്നു. കുട്ടിക്ക് പരീക്ഷ എന്ന പോലെ പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്. പ്രലോഭനങ്ങളാണ് ഒരു വ്യക്തിയുടെ ആത്മീയ ബലത്തെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങൾ. ഇവയെ അതിജീവിക്കുന്നവർ മാത്രമാണ് ജീവിതത്തെ വിജയിപ്പിക്കുക.

സങ്കടങ്ങൾ മാത്രമല്ല
സന്തോഷങ്ങളും
കർത്താവ് സമ്മാനിക്കും...
തീരത്ത് നിൽക്കുന്നവൻ
കർത്താവാണെന്ന്
തിരിച്ചറിയിക്കാൻ!

ഒരിക്കൽ വയസ്സനായ ഒരു കുതിര പറമ്പിലെ പൊട്ടക്കിണറ്റിൽ വീണു. കുതിരയുടെ യജമാനൻ അതിനെ പൊക്കിയെടുക്കാൻ പരമാവധി ശ്രമിച്ചു. പറ്റിയില്ല. അവസാനം അയാൾ തീരുമാനിച്ചു, ഈ കുതിരക്ക് വയസ്സായി. ഇനി കഷ്ടപ്പെട്ട് പൊക്കിയെടുത്താലും അധികമൊന്നും പണിയെടുക്കാൻ അതിന് കഴിയില്ല. പ്രായാധിക്യം മൂലം വല്ല അസുഖവും വന്നാൽ പിന്നെ അതിനെ ചികിത്സിക്കൽ തന്നെ വല്ലാത്ത ചിലവാകും. അതുകൊണ്ട് അതിനെ കിണറ്റിലിട്ട് മൂടിയേക്കാം എന്നുകരുതി ജോലിക്കാരെ വിളിച്ച് യജമാനൻ പറഞ്ഞു;

"ഈ കുതിരക്ക് വയസ്സായി. ഇനി കഷ്ടപ്പെട്ട് പൊക്കിയെടുത്താലും അധികമൊന്നും ഇതിനെ കൊണ്ട് പണിയെടുക്കാൻ സാധിക്കില്ല. പോരാത്തതിന്, പ്രായാധിക്യം മൂലം വല്ല അസുഖവും വന്നാൽ പിന്നെ അതിനെ ചികിത്സിക്കൽ തന്നെ വല്ലാത്ത ചിലവാകും. അതുകൊണ്ട്, കുതിരയെ കിണറ്റിലിട്ട് മൂടിയേക്ക്."

കുതിരയെ കിണറ്റിലിട്ട് മൂടാൻ ജോലിക്കാരെ ഏൽപ്പിച്ച് അയാൾ വീട്ടിലേക്ക് പോയി. പക്ഷെ, അതിശയമെന്ന് പറയട്ട കുറച്ച് കഴിഞ്ഞ് പുറത്തേക്കിറങ്ങിയ അയാൾ കണ്ടത് ആ വയസ്സൻ കുതിര പുറത്ത് മേയുന്നതാണ്...

എന്താണ് യഥാർത്തത്തിൽ സംഭവിച്ചത് എന്നറിയാൻ യജമാനൻ കിണർ മൂടാൻ ഏൽപ്പിച്ചിരുന്ന ജോലിക്കാരുടെ അടുത്ത് അന്വേഷിച്ചു. അവർ പറഞ്ഞു;

"കിണർ മൂടാൻ വേണ്ടി പണിക്കാർ കൊട്ടയിൽ മണ്ണ് കൊണ്ടുവന്നിട്ടത് കുതിരയുടെ മുകളിൽ. ഓരോ പ്രാവശ്യവും തൻറെ ശരീരത്തിലേക്ക് വീഴുന്ന മണ്ണ് അപ്പോൾ തന്നെ കുതിര കുടഞ്ഞു കളയും. എന്നിട്ട് താഴെ വീണ മണ്ണിൽ കയറി നിൽക്കും. ഒടുവിൽ കിണർ മണ്ണ് കൊണ്ട് നിറയുകയും കുതിര പുറത്ത് വരികയും ചെയ്തു."

ജീവിതത്തെ അതിജീവനത്തിലൂടെ കടത്തി വിട്ടപ്പോൾ അത് കുതിരയുടെ രക്ഷയ്ക്കുള്ള കാരണമായി ഭവിച്ചു. പ്രലോഭനങ്ങളെയും അതിജീവിക്കേണ്ടത് ഇപ്രകാരം തന്നെയാണ്. പ്രലോഭനങ്ങൾ മനുഷ്യസഹജമാണ്. അവയെ അതിജീവിക്കുന്നവർ മാത്രമാണ് ജീവൻ നിലനിർത്തുകയും രക്ഷപ്പെടുകയും ചെയ്യുക. പക്ഷെ, പത്രോസിന്റെ

പ്രലോഭനത്തെ അതിജീവിക്കാൻ അവന് സാധിച്ചില്ല. അവൻ പ്രലോഭനത്തിൽ വീണുപോകുന്നു എന്നു മാത്രമല്ല, മറ്റുള്ളവരെ കൂടി വീഴ്ത്തുന്നു എന്നുള്ള വലിയ തെറ്റ് കൂടി അവൻ ചെയ്യുന്നുണ്ട്. ഗുരുവായിട്ടിള്ള കർത്താവിനെയും അവന്റെ പ്രബോധനങ്ങളെയും കാറ്റിൽ പറത്തി യാത്ര ചെയ്യുക എന്നുള്ള വലിയ പ്രലോഭനത്തിൽ ശിമയോൻ വീണ് പോകുന്നു. വിശ്വാസത്തിൽ കർത്താവിൽ ആഴപ്പെടുന്നതിൽ തോറ്റുപോകുന്നതുകൊണ്ടാണ് ചെറിയ പ്രലോഭനങ്ങളിൽ പോലും പലപ്പോഴും ക്രിസ്തു ശിഷ്യർ വീണുപോകുന്നത്. വിശ്വാസം പലപ്പോഴും ഉപരിവിപ്ലവമായി മാത്രം നില കൊള്ളുന്നു. വിശ്വാസം ജീവിക്കാൻ മറന്ന് പോകുന്നു.

ഒരിക്കൽ ഒരു പള്ളിയിൽ കുർബാനക്കിടയിൽ സ്തോത്ര കാഴ്ച്ച ഇടുക്കാൻ നേർച്ചപ്പാത്രം കൊണ്ടുവന്നപ്പോൾ ഒരുവൻ പാന്റിന്റെ പോക്കറ്റിൽ നിന്നും പേഴ്സ് എടുത്ത് നേർച്ചയിടാൻ കരുതി വച്ചിരുന്ന 5 രൂപ നോട്ട് എടുത്ത് നേർച്ചപാത്രത്തിൽ ഇട്ടു.

നേർച്ചപാത്രത്തിൽ പണമിട്ട് പേഴ്സ് പാന്റിന്റെ പോക്കേറ്റിൽ തിരുകി നേരെ നിന്നപ്പോൾ പുറകിൽ നിന്നും ഒരാൾ വിളിച്ചു ഒരു 500 രൂപ നീട്ടി. അയ്യാൾക്കത് നേർച്ചപാത്രത്തിൽ ഇടാൻ സാധിക്കാതതുകൊണ്ടാവാം എന്നുകരുതി, ഒരു പരോപകാരം ചെയ്തേക്കാം എന്നു വിചാരിച്ച് പണം വാങ്ങി പാത്രത്തിൽ ഇട്ടു കൊടുത്തു സഹായിച്ചു.

കുർബാന കഴിഞ്ഞപ്പോൾ ഇത്രമാത്രം ഉദാരമതിയായ അയാളെ അനുമോദിക്കാതെ പോകുന്നത് ശരിയല്ല എന്നുകരുതി തിരഞ്ഞ് പിടിച്ച് അയ്യാളെ പിശുക്കാതെ നേർച്ചയിട്ടതിനു അനുമോദിച്ചു. അപ്പോൾ, അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു....

"യേ... അതു എന്റെ പണമല്ല. നിങ്ങളുടെ പേഴ്സിൽ നിന്നു വീണ നോട്ട് ഞാൻ എടുത്ത് തന്നതാണ്. താങ്കൾ ഞാൻ എടുത്ത് തന്ന പണം നേർച്ചപ്പെടിയിലിടുന്നത് കണ്ടപ്പോൾ നിങ്ങളെ അനുമോദിക്കണമെന്ന് തോന്നി നിങ്ങളെയും തേടി നടക്കുകയായിരുന്നു ഞാൻ..."

ഇന്ന് വിശ്വാസം പലപ്പോഴും ഉപരിവിപ്ലവനാണ്. അതുകൊണ്ട് തന്നെ വിശ്വാസത്തിന് സാക്ഷ്യങ്ങളുടെ ബലം കുറഞ്ഞ് പോകുന്നു. തന്മൂലം ഏറ്റവും ചെറിയ പ്രലോഭനം പോലും ക്രിസ്തുവിൽ നിന്ന് ക്രിസ്തു ശിഷ്യരെ അകറ്റുന്നു. പ്രലോഭനത്തിൽ വീണവൻ കുനിഞ്ഞ ശിരസ്സും, ഒഴിഞ്ഞ കരങ്ങളുമായി നിൽക്കുമ്പോൾ കർത്താവ് പറയുന്നു, "വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല" (യോഹ 21,6). വലതുവശം അത് കർത്താവിന്റെ പക്ഷമാണ്. നന്മയുടെയും അനുഗ്രഹങ്ങളുടെയും ഇരിപ്പിടമാണ്. ആ കർത്താവിനെ കൂടെയിരുത്തിയപ്പോൾ അനുഗ്രഹങ്ങളുടെ ഭണ്ഡാരം കർത്താവ് ശിഷ്യർക്ക് സമ്മാനിച്ചു.

യോഹന്നാൻ
പഠിപ്പിക്കുന്ന പാഠം;
"സങ്കടങ്ങളിൽ കർത്താവിനെ
വിളിക്കുന്നവൻ
സന്തോഷങ്ങൾ
സമ്മാനിക്കുന്ന കർത്താവിനെ
മറന്ന് കളയരുത്.

***"മകനേ, എൻെറ ഉപദേശംവിസ്മരിക്കരുത്;***
***നിൻെറ ഹൃദയം എൻെറ കൽപനകൾപാലിക്കട്ടെ.***
***അവനിനക്കു ദീർഘായുസ്സുംസമൃദ്ധമായി ഐശ്വര്യവും നൽകും."***

സുഭാ 3,1- 2

ഫാ. ജോബി മേനോത്ത് : +91 944 7777 931